LIBRARY ARCHIVES Kerala Legislative Assembly

അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് പെൻഷൻ

*9 [98] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991-ലെ കേരള കൈത്തൊഴിലാളി, വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ ചേർന്നവർക്ക് ഇപ്പോൾ പെൻഷൻ പദ്ധതി നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അസംഘടിത മേഖലയിലെ തൊഴിലാളികളായ ഇതിലെ അംഗങ്ങൾക്ക് ഇപ്പോൾ പിരിഞ്ഞുപോകുമ്പോൾ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ പരിധിയിൽ ഉൾപ്പെട്ടിരുന്ന അലക്ക്, ബാർബർ, തയ്യൽ മുതലായ തൊഴിലാളികൾക്ക് പ്രത്യേകം പ്രത്യേകം ക്ഷേമനിധി ബോർഡ് രൂപീകരിക്കുകയും പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുകയും ചെയ്യുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) ഉണ്ട്.

(ബി) കേരള കൈത്തൊഴിലാളി, വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിലെ അംഗങ്ങൾക്ക് പദ്ധതിയിൽ നിന്നും പിരിഞ്ഞുപോകുമ്പോൾ സേവന കാലാവധിക്ക് ആനുപാതികമായി റിട്ടയർമെന്റ് ആനുകൂല്യം നൽകിവരുന്നു. 18 വയസ്സിൽ ചേർന്ന് 60 വയസ്സിൽ റിട്ടയർ ചെയ്യുന്ന 42 വർഷത്തെ സേവന കാലാവധിയുള്ള അംഗത്തിന് പിരിയുമ്പോൾ 62,720 രൂപ റിട്ടയർമെന്റ് ആനുകൂല്യം ലഭിക്കും.

(സി) തയ്യൽ തൊഴിലാളിക്കായി പ്രത്യേകം ബോർഡ് രൂപീകരിച്ച് പെൻഷൻ ആനുകൂല്യങ്ങൾ നൽകിവരുന്നു. അലക്ക്, ബാർബർ തൊഴിലാളികൾക്കായി കേരള കൈത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ കേരള അലക്ക് തൊഴിലാളി ക്ഷേമപദ്ധതിയും കേരള ബാർബർ തൊഴിലാളി ക്ഷേമപദ്ധതിയും നിലവിൽ വന്നിട്ടുണ്ട്. ഇതിൽ അംഗങ്ങളാകുന്നവർക്ക് പെൻഷൻ നൽകുവാൻ വ്യവസ്ഥയുണ്ട്.

ഇ.എസ്.ഐ. ഡിസ്പെൻസറികളിലും ആശുപത്രികളിലും ഡോക്ടർമാരെ നിയമിക്കാൻ നടപടി

*10 [99] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. ആശുപത്രികളിലും ഡിസ്പെൻസറികളിലും ആവശ്യത്തിനുള്ള ഡോക്ടർമാർ ഇല്ലാത്തതിനാൽ തൊഴിലാളികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ അടിയന്തിര നടപടി കൈക്കൊള്ളുമോ;

(ബി) ഇപ്പോൾ ഇ.എസ്.ഐ. വകുപ്പിൽ ഡോക്ടർമാരുടെ എത്ര തസ്തികകളാണുള്ളത്; ഇതിൽ എത്രയെണ്ണം ഒഴിഞ്ഞു കിടക്കുന്നു; ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ എന്നത്തേക്ക് നിയമനം നടത്തുമെന്ന് വെളിപ്പെടുത്താമോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) ഡോക്ടർമാരുടെ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 513 തസ്തികകളാണുള്ളത്. ഇപ്പോൾ 86 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. ലിസ്റ്റ് നിലവിൽ വരുന്നതിന് മുമ്പ് തന്നെ താൽക്കാലികമായി ഈ ഒഴിവുകൾ നികത്താൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കരാർ വ്യവസ്ഥയിലും നിയമനം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്.

എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി

*11 [100] ശ്രീ. സാജു പോൾ:

ഡോ. തോമസ് ഐസക്:

ശ്രീ. ടി. പി. രാമകൃഷ്ണൻ:

,, എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ ഏതൊക്കെ ശുപാർശകളാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം പൊതുമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ സ്ഥാപനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ തൊഴിലാളി സംഘടനകളുമായി സർക്കാർ ചർച്ച ചെയ്തിട്ടുണ്ടോ;

(ഇ) പൊതുമേഖലാ സ്ഥാപനങ്ങൾ നവീകരിച്ച് പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly